# കേരള സർക്കാർ

നം.21992/ആർ.സി.3/2009/ത.സ്വ.ഭ.വ.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്,
തിരുവനന്തപുരം, തീയതി 08-05-2009.

പ്രേഷിതൻ

പ്രിൻസിപ്പൽ സെക്രട്ടറി.

സ്വീകർത്താവ്

**പഞ്ചായത്ത് ഡയറക്ടർ,**
**തിരുവനന്തപുരം.**

നഗരകാര്യ ഡയറക്ടർ,
തിരുവനന്തപുരം.

സർ,

**വിഷയം :** തദ്ദേശ സ്വയംഭരണ വകുപ്പ് – തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിന് നടപടി – സുപ്രീം കോടതി വിധി നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച്

**സൂചന :**
1. 15-09-2008-ലെ 19989/ആർ.സി.3/2007/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ.
2. അനിമൽ വെൽഫയർ ബോർഡ് സെക്രട്ടറിയുടെ 3-4-2009-ലെ അർദ്ധ ഔദ്യോഗിക കത്ത് നമ്പർ 1/09 (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

.....

സൂചന കത്തുകളിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. സുപ്രീം കോടതി (SLP 691/09) വിധി പ്രകാരം തെരുവ് നായ്ക്കളെ കൊല്ലുന്നത് കോടതിയലക്ഷ്യമാകുമെന്നതിനാൽ അവയെ നിയന്ത്രിക്കുന്നതിന് അനിമൽ ബർത്ത് കൺട്രോൾ/ആന്റി റാബീസ് പ്രോഗ്രാം ഫലപ്രദമായി നടപ്പിൽ വരുത്തേണ്ടതാണ്. കൂടാതെ അനിമൽ വെൽഫയർ ബോർഡിന്റെ കത്തിന്റെ പകർപ്പ് വിവിധ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ/മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും അയച്ചുകൊടുത്ത് സുപ്രീം കോടതി വിധി നടപ്പിൽ വരുത്തേണ്ടതാണ്. AWBI-ൽ നിന്നും 50% ധനസഹായം ലഭിയ്ക്കുന്ന പദ്ധതിയായതിനാൽ എം.ഒ.യു. ഒപ്പിടുവാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി ചെലവിന്റെയും, വിശദവിവര

(മറുപുറം)

ങ്ങളുടേയും സംക്ഷിപ്തം സർക്കാരിലേയ്ക്ക് അതായത് ഡയറക്ടർ മുഖേന 15 ദിവസത്തിനകം അയച്ചു തരേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ അവസരം ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള പ്രാഥമിക റിപ്പോർട്ട് മെയ് 30-ന് മുമ്പ് നൽകേണ്ടതുമാണ്.

വിശ്വസ്തതയോടെ,

**കെ.നാസറുദീൻ,**
ഡെപ്യൂട്ടി സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കു വേണ്ടി.

അംഗീകാരത്തോടെ,



സെക്ഷൻ ഓഫീസർ.

പകർപ്പ് :-

1. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം. (പത്രങ്ങളിൽപരസ്യപ്പെടുത്തുവാൻ വേണ്ടി).
2. ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുവാൻ വേണ്ടി).
3. കൃഷി (എ.എച്ച്.എഫ്) വകുപ്പ്.
4. ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം.
5. തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്.